# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4119 — 25.06.2018-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ മതിയായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) എല്ലാ ചെക്പോസ്റ്റുകളിലും പരിശോധനക്കാവശ്യമായ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ ചെക്ക്പോസ്റ്റുകളിൽ മൊബൈൽ ലബോറട്ടറികളുടെ സഹായത്തോടുകൂടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തി വരുന്നു. |
| (സി) പാലുൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശം നൽകുമോ? | (സി) ആഭ്യന്തര പാലുല്പാദന വർദ്ധിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡിങ്ങ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിൽസാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**